വേയ്ബ്രിഡ്ജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ 300 കി.ഗ്രാം വരെ തൂക്കാൻ കഴിയുന്ന പ്ലാറ്റ്ഫോം ബാലൻസുകൾ സംസ്ഥാനത്തെ എല്ലാ ചെക്ക്പോസ്റ്റുകളിലും സ്ഥാപിച്ചിട്ടുണ്ട്. വാളയാർ ചെക്ക്പോസ്റ്റിലും പരിസരത്തും സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രധാന ചെക്ക്പോസ്റ്റുകളിൽ 24 മണിക്കൂറും ഇന്റലിജൻസ് സ്ക്വാഡിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷത്തിൽ 31-10-2014 വരെ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട 31918 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കേന്ദ്ര മൂല്യ വർദ്ധിത നിയമം

225 (565) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തിന് പുറത്തുനിന്നും സാധനങ്ങൾ കൊണ്ടുവരുന്ന കോൺട്രാക്ടർമാരെ കേന്ദ്ര മൂല്യ വർദ്ധിത നിയമം 6 (2) പ്രകാരം ഒഴിവാക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്താമോ, ഇത് വഴി എത്ര തുകയുടെ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ, വിശദമാക്കാമോ ?

ഉത്തരം

കേന്ദ്ര വിൽപ്പന നികുതി നിയമപ്രകാരം രജിസ്ട്രേഷനുള്ള കരാറുകാരുടെ 2013-14 ലെ കോമ്പൗണ്ടിംഗ് നികുതിനിരക്ക് പുറമേനിന്നു കൊണ്ടുവരുന്ന സാധനങ്ങൾക്ക്, വാങ്ങൽ വിലയിൽ ഷെഡ്യൂൾ നിരക്കും മൊത്തം കരാർ തുകയിൽ നിന്നും ഈ വാങ്ങൽ വില തട്ടിക്കഴിച്ച് ബാക്കി തുകയ്ക്ക് 3% നികുതിയുമായിരുന്നു.

കരാർപണിക്കാരുടെ 2013-14-ൽ നിലവിലുണ്ടായിരുന്ന കോമ്പൗണ്ടഡ് നികുതി ഘടനയിൽ നികുതി ചോർച്ചയുള്ള പഴുതുള്ളതായി ശ്രദ്ധയിൽപ്പെട്ട തിനെത്തുടർന്ന് കേരള ധനകാര്യ നിയമം 2014-ൽ ഭേദഗതി വരുത്തുകയുണ്ടായി. ഇതനുസരിച്ച് സംസ്ഥാനത്തിന് പുറത്തുനിന്നും സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നവരോ കേന്ദ്ര വിൽപ്പന നികുതി നിയമത്തിൻ കീഴിൽ രജിസ്ട്രേഷനുള്ളവരോ സംസ്ഥാനത്ത് ചരക്കുകൾ കൊണ്ടുവരുമ്പോൾ മൊത്തം കരാർതുകയുടെ

LIBRARY ARCHIVES Kerala Legislative Assembly

6 ശതമാനം കോമ്പൗണ്ടഡ് നികുതിയും കൂടാതെ രജിസ്ട്രേഷനില്ലാത്ത വ്യാപാരികളിൽ നിന്നും വാങ്ങുന്ന നിർമ്മാണ വസ്തുക്കൾക്ക് കേരള മൂല്യവർദ്ധിത നികുതി നിയമത്തിലെ വകുപ്പ് 6(2) പ്രകാരമുള്ള വാങ്ങൽ നികുതിയും നൽകേണ്ടതാണെന്ന് നിഷ്കർഷിക്കുകയുണ്ടായി. ഗവൺമെന്റ് കരാറുകാരുടെ കോമ്പൗണ്ടഡ് നികുതി 4 ശതമാനമായും മറ്റുള്ളവർക്ക് 3 ശതമാനമായും നിശ്ചയിക്കുകയുണ്ടായി.

ധനകാര്യനിയമത്തിൽ കൊണ്ടുവന്ന ഭേദഗതിയെത്തുടർന്ന് ഓരോ പ്രാവശ്യവും ബാദ്ധ്യതാ സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് നികുതി നിർണ്ണയാധികാരി മുമ്പാകെ ഹാജരായി വാങ്ങൽ നികുതി കണക്കാക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടും മണ്ണ്, മണൽ, പാറ എന്നിവ വാങ്ങുമ്പോൾ ബില്ല് ലഭിക്കാത്ത ബുദ്ധിമുട്ടും കരാർ പണിക്കാർ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി.

ഇതേത്തുടർന്ന് നികുതി വരുമാനത്തിൽ നഷ്ടമുണ്ടാകാത്ത വിധത്തിൽ കോമ്പൗണ്ടിംഗ് നിരക്കിൽ ഒരു ശതമാനം വീതം വർദ്ധനവ് വരുത്തുകയും വകുപ്പ് 6 (2) പ്രകാരമുള്ള വാങ്ങൽ നികുതി നൽകണമെന്ന വ്യവസ്ഥ പിൻവലിക്കുകയും ചെയ്തുകൊണ്ട് കരാർപണിക്കാരുടെ കോംമ്പൗണ്ടിംഗ് ഘടനയിൽ പുനഃക്രമീകരണം നടത്തി. ഇതനുസരിച്ച് 6 ശതമാനം നിരക്ക് 7 % ആയും, 4 എന്നത് 5 ശതമാനമായും 3% എന്നത് 4 ശതമാനമായും വർദ്ധിപ്പിക്കുകയുണ്ടായി. ഇത് റവന്യൂ നൂട്രൽ റേറ്റ് ആണെന്നാണ് കണക്കാക്കിയിരിക്കുന്നത്. ആയതിനാൽ റവന്യൂ നഷ്ടം ഉണ്ടാകാൻ സാദ്ധ്യതയില്ല.

സംയോജിത ചെക്ക്പോസ്റ്റ്

226 (566) ശ്രീ. വി. ഡി. സതീശൻ:

ശ്രീ. സി. പി. മുഹമ്മദ്:

ശ്രീ. പാലോട് രവി:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും മരാമത്ത് നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സംയോജിത ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly